LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 40 മൈക്രോണിൽതാഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ രാജ്യവ്യാപകമായി, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാൻഡ് ലിംഗ് റൂൾസ്, 2011 പ്രകാരം നിരോധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നത് കാരണം ഇവ മണ്ണിലടിഞ്ഞ് മണ്ണിലെ വായു, ജലം എന്നിവയുടെ സുഗമമായ സഞ്ചാരത്തിന് തടസ്സമാകുകയും ഇത് കൃഷിയെയും മറ്റും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യം ഓടകളിലൂടെയും മറ്റും ജലാശയങ്ങളിൽ എത്തിച്ചേരുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വേർതിരിച്ചുള്ള ശേഖരണം, ട്രാൻസ്പോർട്ടേഷൻ, നിർമ്മാർജ്ജനം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നൽകുന്നത് ചട്ടപ്രകാരം സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ ചുമതലയാണ്. സംസ്ഥാനത്ത് ബഹുഭൂരിപക്ഷം നഗരസഭകളുടേയും നേതൃത്വത്തിൽ പ്ലാസ്റ്റിക് അടക്കമുള്ള അജൈവമാലിന്യം ശേഖരിച്ച് പുനരുപയോഗം/പുനഃചംക്രമണത്തിനായി കൈമാറുന്ന നടപടി സ്വീകരിച്ചുവരുന്നു.

കായികനയ പരിഷ്കരണം

303 (2132) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പാലോട് രവി :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികനയം പരിഷ്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാന കായികനയ പരിഷ്കരണം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 13-2-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 24/15/കാ.യു.വ. പ്രകാരം ചുവടെ പറയുന്നവരെ ഉൾപ്പെടുത്തി ഒരു ഹൈ പവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്:

1.	ഡോ. ജി.എസ്.ജി. അയ്യങ്കാർ ജോയിന്റ് സെക്രട്ടറി കായികയുവജനകാര്യ മന്ത്രാലയം കേന്ദ്ര സർക്കാർ & വൈസ് ചാൻസിലർ (i/c) എൽ.എൻ.യു.പി.ഇ. ഗ്വാളിയർ.	-	ചെയർമാൻ
2.	പത്മശ്രീ പി. ടി. ഉഷ	-	മെമ്പർ
3.	ഡോ. ദലീൽ സിംഗ് ചൗഹാൻ അർജ്ജുന അവാർഡ് ജേതാവ് ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ്, കുരുക്ഷേത്ര യൂണിവേഴ്സിറ്റി ഹരിയാന	-	മെമ്പർ
4.	ഡോ.ബിനു ജോർജ്ജ് വർഗ്ഗീസ് മെമ്പർ സെക്രട്ടറി കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ	-	കൺവീനർ

കൂടാതെ 9-3-2015 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 37/15/കാ.യു.വ. പ്രകാരം ഷൂട്ടിംഗ് പരിശീലകൻ പ്രൊഫ. സണ്ണി തോമസിനെകൂടി പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) സംസ്ഥാന കായികനയം പരിഷ്കരണം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിരുന്നത്. സംസ്ഥാന കായികവികസനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് ഹൈപവർ കമ്മിറ്റി സർക്കാരിലേക്ക് സമർപ്പിക്കുകയും ടി റിപ്പോർട്ട് കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിന്റെ റിമാർക്കിനായി അയച്ചു കൊടുത്തിട്ടുള്ളതും ആകുന്നു.

വട്ടതല ജമാ അത്ത് ഹയർസെക്കണ്ടറി സ്കൂളിലെ സ്പോർട്സ് ഗ്രൗണ്ട് നിർമ്മാണം

304 (2133) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ വട്ടതല ജമാ അത്ത് ഹയർസെക്കണ്ടറി സ്കൂളിൽ ഒരു സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. സ്പോർട്സ് വകുപ്പ് മന്ത്രിക്കും സ്പോർട്സ് കൗൺസിലിനും മണ്ഡലം എം.എൽ.എ. നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; നിരവധി കായിക താരങ്ങൾക്ക് പ്രയോജനകരമാകുന്ന പ്രസ്തുത ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly